7/29/25, 10:36 AM Screenshot_20250728-202835_Canva.jpg

# വിപഞ്ചിക

## അക്കാദമിക മാസ്റ്റർ പ്ലാൻ

## ആരൂർ LPS, ഹരിപ്പാട്

## 2025 - 2029

### സ്കൂൾ തലം



**സ്ഥാപിതം: 1918**

**ഹരിപ്പാട് മുനിസിപ്പാലിറ്റി**

**വാർഡ് - 7**

**വിദ്യാഭ്യാസ ജില്ല : ആലപ്പുഴ**

**ഉപജില്ല : ഹരിപ്പാട്**

https://mail.google.com/mail/u/1/#all?projector=1 1/1

# അക്കാദമിക മാസ്റ്റർ പ്ലാൻ

# ആരൂർ LPS, ഹരിപ്പാട്

# 2025 - 2029



## സ്ഥാപിതം: 1918

## ഹരിപ്പാട് മുനിസിപ്പാലിറ്റി

## വാർഡ് - 7

## വിദ്യാഭ്യാസ ജില്ല : ആലപ്പുഴ

## ഉപജില്ല : ഹരിപ്പാട്

# സമർപ്പണം

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ശ്രമത്തിന്റെ ഭാഗമായി വർത്തമാനകാലത്തിന്റെ പ്രാധാന്യമുൾക്കൊണ്ട് കൊണ്ട് കുട്ടികളുടെ സമഗ്രവികാസം സാധ്യമാക്കുന്ന പ്രവർത്തനങ്ങളും അവയുടെ ആസൂത്രണവും പ്രതിപാദിക്കുന്നതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ. നൂറു വർഷത്തിലേറെ പഴക്കമുള്ള ഈ വിദ്യാലയം പരിമിതികളുടെയും പ്രതിസന്ധികളുടെയും നടുവിലാണ്. പൊതുസമൂഹം ഈ വിദ്യാലയത്തോട് ചേർന്ന് നിൽക്കുകയാണെങ്കിൽ നമ്മൾ നേരിടുന്ന വെല്ലുവിളികളെ ഒരു പരിധിവരെ നേരിടാൻ സാധിക്കുമെന്ന ഉറച്ച വിശ്വാസത്തോടെ... ഇതുവരെയും വിദ്യാലയത്തിന് ഓരോരുത്തരും നൽകിയ പിന്തുണ തുടർന്നും ഉണ്ടാകുമെന്ന ശുഭപ്രതീക്ഷയോടെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ SMC, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ, സ്കൂൾ സംരക്ഷണ സമിതി, മറ്റ് അഭ്യുദയകാംക്ഷികൾ എന്നിവർക്കായി സമർപ്പിക്കുന്നു.

# ഉള്ളടക്കം

* ആമുഖം
* അവസ്ഥാവിശകലനം
* ചുമതലകളും അധ്യാപകരും
* നേട്ടങ്ങൾ, പരിമിതികൾ
* മികവ് - ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ
* പൊതുലക്ഷ്യങ്ങൾ
* പ്രശ്നങ്ങൾ, വെല്ലുവിളികൾ
* പദ്ധതി രൂപീകരണം
* മേഖല പ്രവർത്തനങ്ങൾ
* മലയാളം
* ഇംഗ്ലീഷ്
* ഗണിതം
* പരിസരപഠനം
* കലാകായിക പ്രവൃത്തിപരിചയം
* വിവരസാങ്കേതിക വിദ്യ
* മൂല്യനിർണ്ണയം

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം - 8 മൊഡ്യൂളുകൾ
പ്രവർത്തന പത്രിക

| | |
|---|---|
| 03/06/2025 | പൊതുവിഷയങ്ങൾ |
| 04/06/2025 | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ<br>സ്കൂൾ വാഹനം - അറിയേണ്ട കാര്യങ്ങൾ |
| 05/06/2025 | വ്യക്തി ശുചിത്വം, പരിസരശുചിത്വം, ഹരിതകാമ്പസ്, സ്കൂൾ സൗന്ദര്യവത്കരണം |
| 09/06/2025 | ആരോഗ്യം, വ്യായാമം, കായികക്ഷമത, ആഹാരശീലം |

# ആരൂർ എൽ.പി. സ്കൂൾ, ഹരിപ്പാട്

# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025-26

**ആമുഖം:**

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭാവി വളർച്ചയ്ക്കും
വികസനത്തിനും വേണ്ടിയുള്ള ഒരു നിർണായക രേഖയാ
ണ് അക്കാദമിക മാസ്റ്റർ പ്ലാൻ. സ്കൂളിന്റെ കാഴ്ചപ്പാട്,
അധ്യാപകർ, കുട്ടികൾ, വിവിധ അക്കാദമിക, പാഠ്യേതര
മേഖലകളിലെ വിശദമായ പ്രവർത്തന പദ്ധതികൾ
എന്നിവ ഈ രേഖയിൽ പ്രതിപാദിക്കുന്നു. പൊതുവിദ്യാ
ഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും കുട്ടികളു
ടെ ബൗദ്ധികവും മാനസികവുമായ വളർച്ചയെ പരിപോ
ഷിപ്പിക്കുന്നതിനും എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാ
സം ഉറപ്പാക്കുന്നതിനും ആത്യന്തികമായി പൊതുവിദ്യാ
ലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന
വേണ്ടിയാണ് ഈ മാസ്റ്റർ പ്ലാൻ രൂപകല്പന ചെയ്തിരിക്കു
ന്നത്.

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട്, നഗരത്തി
രക്കിൽ നിന്നും മാറി ശാന്തസുന്ദരമായ അന്തരീക്ഷ
ത്തിൽ സ്ഥിതിചെയ്യുന്ന ആരൂർ LP സ്കൂൾ 1918-ൽ
ണ് സ്ഥാപിതമായത്. ആദ്യം കുടുംബവക സ്കൂളായിരു
ന്നു പിന്നീട് പഞ്ചായത്ത് ഏറ്റെടുത്തു, തുടർന്ന്
ഗവൺമെന്റ് ഏറ്റെടുത്തു. സജീവമായ SMC, സേവ
നസന്നദ്ധരായ അധ്യാപകർ, പിന്തുണ നൽകുന്ന
രക്ഷിതാക്കൾ, സ്കൂൾ സംരക്ഷണ സമിതി തുടങ്ങിയ
രെല്ലാം സ്കൂളിന്റെ ഉന്നമനത്തിനായി പരിശ്രമിക്കു

ആറൂർ LP സ്കൂളിൽ പ്രീ-പ്രൈമറി മുതൽ 4 വരെയുള്ള ക്ലാസ്സുകളും 4 അധ്യാപകരും ഒരു PTCM ഉം നാല് ക്ലാസ്സ്മുറികളും നല്ല ഒരു ലൈബ്രറിയും വിശാലമായ കളിസ്ഥലവുമുണ്ട്. SMC യുടെ ചുമതലയിൽ നടത്തുന്ന പ്രീ-പ്രൈമറിക്ക് ഒരധ്യാപികയും സേവനമനുഷ്ഠിക്കുന്നു.

കാർത്ത്യായനി ടീച്ചറായിരുന്നു സ്കൂളിന്റെ ആദ്യ കാല പ്രഥമാധ്യാപിക. രാജമ്മ ടീച്ചർ, മധുരമ്മ ടീച്ചർ, കലാവതി ടീച്ചർ തുടങ്ങിയ പ്രഥമാധ്യാപകർ സ്കൂളിന്റെ വളർച്ചയിൽ പ്രധാന പങ്കു വഹിച്ചവരാണ്.

ഇപ്പോൾ സ്കൂളിന്റെ പ്രധാനാധ്യാപികയായി സ്കൂളിന് സമീപവാസിയായ നിമ ടീച്ചറാണ്. കൂടാതെ G. സന്ധ്യ, ഹസ്നത്ത്, മീര തുടങ്ങിയ അധ്യാപകർ പ്രൈമറി തലത്തിലും ബിന്ദു. R പ്രീ-പ്രൈമറി തലത്തിലും സേവനമനുഷ്ഠിക്കുന്നു. സ്കൂളും പരിസരവും എപ്പോഴും വൃത്തിയായി സൂക്ഷിക്കുന്നതിൽ PTCM ആയ മിനിമോൾ പ്രത്യേകം ശ്രദ്ധിക്കുന്നു. കുട്ടികൾക്ക് പോഷകസമൃദ്ധവും വൃത്തിയുള്ളതുമായ ഭക്ഷണം തയ്യാറാക്കി നൽകുന്നതിൽ പാചകത്തൊഴിലാളിയായ ശ്രീലത ശ്രദ്ധിക്കുന്നു.

| | |
|---|---|
| സ്കൂളിന്റെ പേര് | : ആറൂർ LPS, ഹരിപ്പാട് |
| സ്കൂൾ കോഡ് | : 35415 |
| വിലാസം | : ഹരിപ്പാട് (P.O), പിലാപ്പുഴ<br>ഹരിപ്പാട്, ആലപ്പുഴ<br>PIN: 690514<br>ഫോൺ:- 9961575105 |
| വിദ്യാഭ്യാസഉപജില്ല | : ഹരിപ്പാട് |
| വിദ്യാഭ്യാസജില്ല | : ആലപ്പുഴ. |

ബി. ആർ. സി : ഹരിപ്പാട്

മുനിസിപ്പാലിറ്റി : ഹരിപ്പാട്

ബ്ലോക്ക് പഞ്ചായത്ത് : ഹരിപ്പാട്

നിയമസഭാ മണ്ഡലം : ഹരിപ്പാട്

ലോകസഭാ മണ്ഡലം : ആലപ്പുഴ

താലൂക്ക് : കാർത്തികപ്പള്ളി

വില്ലേജ് : ഹരിപ്പാട്

ഇ. മെയിൽ വിലാസം : 35415haripad@gmail.com

## ചുമതലകളും അധ്യാപകരും.

| ചുമതലകൾ | അധ്യാപകർ |
|---|---|
| സീനിയർ അസിസ്റ്റന്റ്<br>സ്റ്റാഫ് സെക്രട്ടറി<br>ലൈബ്രറി<br>കലാമേള<br>വാർഷികം<br>ബാലസഭ | സന്ധ്യ. ജി |
| അക്കാദമികം<br>നല്ലപാഠം<br>കായികമേള<br>പഠനയാത്ര<br>പ്രവൃത്തിപരിചയം | ഹന്നത്ത്. PY |
| ഉച്ചഭക്ഷണം<br>ഹെൽത്ത് ക്ലബ്ബ്, ശാസ്ത്രമേള<br>എസ്. ആർ. ജി കൺവീനർ<br>ജാഗ്രതാ സമിതി, സ്കൂൾ അസംബ്ലി | മീന. ഡി |

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| ശിശു സൗഹൃദ അന്തരീക്ഷം | ശൗചാലയ കുറവ് |
| ഐ.ടി പഠനം, പ്രവൃത്തിപരിചയം ക്ലാസുകൾ | ICT പരിശീലനത്തിനാവശ്യമായ ലാപ്ടോപ്പുകളുടെ അപര്യാപ്തത |
| സേവന സന്നദ്ധരായ അധ്യാപകർ | വായനശീലത്തിലുള്ള കുറവ് |
| കായികപരിശീലനങ്ങൾ | പൊതുവിജ്ഞാന മേഖലയിലുള്ള പിന്നോക്കാവസ്ഥ |
| ലൈബ്രറി, റീഡിംഗ് റൂം | മുഴുവൻ കുട്ടികൾക്കും അടിസ്ഥാന ശേഷികൾ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല |
| കളിസ്ഥലം | ഐ.ടി അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ് റൂം പ്രവർത്തനങ്ങളെയൊരുക്കാനായിട്ടില്ല. |
| പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികച്ച രീതിയിൽ നടത്തുന്നു. | |
| പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്ക് വ്യത്യസ്ത ക്ലാസ്സുകൾ | |

മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

* ഭാഷാവികസനം
* ഗണിത ശേഷി വികസനം
* സ്പോക്കൺ ഇംഗ്ലീഷ്
* ഹിന്ദി പഠനം
* കല-പ്രവൃത്തിപരിചയ പരിശീലനം
* ലൈബ്രറി ശാക്തീകരണം
* വായനം പരിപോഷണം
* ജൈവ വൈവിധ്യ പാർക്ക്
* കരാട്ടേ പരിശീലനം
* സ്കൂൾ പത്രം - മാസിക
* പച്ചക്കറിത്തോട്ടം
* നിരന്തര വിലയിരുത്തൽ
* ദിനാചരണം

പൊതുലക്ഷ്യങ്ങൾ

* സ്കൂളിലെത്തുന്ന എല്ലാ കുട്ടികൾക്കും നേടേണ്ട പഠ
ശേഷികളെല്ലാം കൈവരിച്ചു എന്ന് ഉറപ്പുവരുത്ത
* എല്ലാവർക്കും സമഗ്രഗുണമേന്മാവിദ്യാഭ്യാസം ഉറ
വരുത്തും.
* കുട്ടികളുടെ സർവതോന്മുഖമായ കഴിവുകളെ വളർ
* ഭാഷാവിഷയങ്ങളിലും ഇതരവിഷയങ്ങളിലും
മികച്ച നിലവാരം ഉറപ്പ് വരുത്തും.
* വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജന
പ്പെടുത്തും
* ആരോഗ്യ-കലാ-കായിക പ്രവൃത്തി പരിചയ മേഖല
കൂടെ സമന്വയിക്കാനും ഉറപ്പുവരുത്തും.
* ജൈവ വൈവിധ്യ പാർക്ക് - കാമ്പസ് തന്നെ പാഠപു
സ്തകം എന്ന ആശയം സാക്ഷാത്കരിക്കും
* ശാസ്ത്രീയമായ പ്രീ-സ്കൂൾ വിദ്യാഭ്യാസം
* കാർഷിക സംസ്കാരം വളർത്താനുള്ള പ്രവർത്തന
* കുട്ടികൾക്ക് മൂന്ന് ഭാഷ അനായാസമായി കൈകാ
ചെയ്യാനുള്ള കഴിവ്
* പാഠ്യവിഷയങ്ങളിൽ ഉന്നത നിലവാരം വളർത്
യെടുക്കുന്നതോടൊപ്പം മത്സര പരീക്ഷകൾക്ക് വിദ്യാ
കളെ സജ്ജരാക്കുക.
* ക്ലാസ് മുറികൾ സ്മാർട്ടാക്കും.
* ആധുനിക സൗകര്യമുള്ള ലൈബ്രറി + റീഡിംഗ് റൂം
* പ്ലാസ്റ്റിക്, ലഹരി, കീടനാശിനി മുക്ത കാമ്പസ്.

മേഖല : മലയാളം

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | ഭാഷാപരമായി പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | * പ്രീ-ടെസ്റ്റ്<br>* അക്ഷരം ഉറപ്പിക്കൽ<br>* അക്ഷര കാർഡ് നൽകൽ<br>* വാക്കുകൾ നിർമിക്കൽ<br>* വാക്യങ്ങൾ നിർമിക്കൽ<br>* ചിത്രം - അടിക്കുറിപ്പ്<br>* ചിത്രം - കഥ പറയൽ<br>* ചിത്രം - കഥ എഴുതൽ<br>* ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | മൂന്നു മാസം | ക്ലാസ് ടീച്ചർ<br>SRG<br>SMC | പുസ്തകങ്ങൾ | 1000 |
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക. (വായനാക്കൂട്ടം) | * ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>* വായനാമൂല, ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ<br>* സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>* വായനോത്സവം സംഘടിപ്പിക്കൽ<br>* പത്രവായന, അമ്മവായന<br>* പുസ്തക ചർച്ച<br>* വായനാനുഭവം പങ്കുവെയ്ക്കൽ<br>* വായനാക്കുറിപ്പ് | ഒരു വർഷം | ക്ലാസ് അധ്യാപകർ | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ മാസികകൾ | 10000 |

| | | | | | | |
|---|---|---|---|---|---|---|
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം) | എഴുത്തുകൂട്ടരൂപീകരണം<br>* പുസ്തക ചർച്ച<br>* ക്ലാസ് ലൈബ്രറി<br>* വായനാക്കുറിപ്പ് പതിപ്പ്<br>* അനുഭവക്കുറിപ്പ് പുസ്തകം<br>* വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>* ഇൻലന്റ് മാഗസിൻ<br>* ചുമർ പത്രിക<br>* ബാലസഭ<br>* വ്യക്തിഗതരചന<br>* വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ<br>* ദിനാചരണങ്ങൾ<br>* സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>* ഇ - വായന<br>* ശില്പശാലകൾ<br>കവിത - കഥ - നാടൻപാട്ട് അഭിനയം | ഒരു വർഷം | ക്ലാസ് അധ്യാപകർ<br>വിദ്യാരംഗം കൺവീനർ SRG | ലൈബ്രറി<br>പുസ്തകങ്ങൾ ജീവചരിത്രങ്ങൾ<br>വായനക്കുറി<br>വായനാമൂല<br>ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ | 10000 |

| | | | | | |
|---|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കാനുള്ള കഴിവ് നേടുക | സാഹിത്യകാരൻമാരുമായുള്ള സംവാദം - അഭിമുഖം<br>* കൃതികളുടെ രംഗാവിഷ്കാരങ്ങൾ<br>* പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്കാരം, നാടകാവിഷ്കാരം, കവിതാലാപനം, കഥാവതരണം. | | | | |

[illegible]

വിഷയമേഖല : ഇംഗ്ലീഷ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | ഭൗതിക സൗകര്യം | സാമ്പത്തികം |
|---|---|---|---|---|---|---|
| | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വർധിപ്പിക്കൽ | * പ്രാഥമിക നിലനിർണ്ണയം നടത്തി മികവുകളും പോരായ്മകളും കണ്ടെത്തുക.<br>* പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കൽ<br>* ഇംഗ്ലീഷ് ഭാഷ സ്വായത്തമാക്കാൻ കഴിയുന്ന തരത്തിൽ വിദ്യാലയാന്തരീക്ഷം തയ്യാറാക്കൽ<br>* വിദ്യാലയത്തിനകത്തുള്ള എല്ലാ വസ്തുക്കൾക്കും ഇംഗ്ലീഷ് ലേബൽ പതിക്കുക.<br>* കുട്ടികളുടെ പേര് ഇംഗ്ലീഷിൽ എഴുതി ക്ലാസിൽ പ്രദർശിപ്പിക്കുക.<br>* ചാർട്ടുകൾ പ്രദർശിപ്പിക്കുക.<br>* തെറ്റുകൂടാതെ എഴുതാനും വായിക്കാനും സജ്ജരാക്കുക.<br>* കുട്ടികളും അധ്യാപകരുമായുള്ള അനൗപചാരിക സംഭാഷണങ്ങൾ ഇംഗ്ലീഷിലാക്കുക. | ഒരു വർഷം | ഇംഗ്ലീഷ് ക്ലബ്ബ്<br>SMC<br>SRG<br>ക്ലാസ് ടീച്ചർ | ഇംഗ്ലീഷ് പുസ്തകങ്ങൾ<br>ചാർട്ട്<br>നോട്ടീസ് ബോർഡ്<br>[illegible] | 2000 |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്കവസരമൊരുക്കുക. | ആഴ്ചയിലൊരിക്കൽ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ<br>ഇംഗ്ലീഷ് അസംബ്ലി<br>words ad meaning<br>ആഴ്ചയിലൊരിക്കൽ ഇംഗ്ലീഷ് ഡിക്ഷ്ണറി നിർമ്മിക്കുക.<br>ഇംഗ്ലീഷ് ഡേ ആചരിക്കുക. | എല്ലാദിവസവും<br><br>ആഴ്ചയിൽ ദിനം | RP | അസംബ്ലി |
| ICT - ഇംഗ്ലീഷ് ടൈപ്പിംഗ് പഠിക്കാൻ അവസരം നൽകുക | Lap top-ൽ English ടൈപ്പ് ചെയ്യാൻ പരിശീലനം നൽകുക<br><br>പദക്കൂട്ടം<br><br>ഓർമ്മ പരിശോധന | | ക്ലാസ്സധ്യാപകർ | |

| | | | |
|---|---|---|---|
| വിദ്യാർത്ഥികൾക്കും ഗണിതത്തിലെ ചതുഷ്ക്രിയ കളെ അടിസ്ഥാനമാക്കി പ്രശ്നനിർധാരണത്തിനും അവബോധം സൃഷ്ടിക്കുന്നതിനും കുട്ടികളിൽ ഗണിതപഠനത്തിൽ താല്പര്യമുണ്ടാക്കുകയും ചെയ്യുക. | • പ്രീ-ടെസ്റ്റ് നടത്തി പ്രശ്നങ്ങൾ കണ്ടെത്തും.<br>• ക്ലാസ് പരിഹാരബോധന പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു<br>• ദിവസവും ഒരു മണിക്കൂർ പഠന സമയം നൽകുന്നു<br>• ആദ്യഘട്ടത്തിൽ വിലയിരുത്തൽ നടത്തി തുടർപ്രവർത്തനങ്ങൾ തയ്യാറാക്കി നടപ്പിലാക്കും.<br><br>ഗണിതക്ലബ്ബ്<br>ഗണിതത്തിൽ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി ക്ലബ്ബ് രൂപീകരിക്കും. ഇതിന്റെ ഭാഗത്തിൽ ഗണിതക്വിസ്, ഗണിതകേളികൾ, മാഗസിൻ നിർമ്മാണം.<br><br>നിർമ്മാണ പ്രവർത്തനങ്ങൾ<br>• ജ്യാമിതീയ ചാർട്ടുകൾ<br>• മൈഡിക് രേഖകൾ<br>• സംഖ്യാ ചാർട്ടുകൾ തയ്യാറാക്കൽ<br>• പാറ്റേണുകൾ കണ്ടെത്തൽ | ജൂൺ — മാർച്ച് | ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ<br><br>[illegible] [illegible] [illegible] [illegible] |
| | | | ഗണിതാധ്യാപകർ, ഗണിതക്ലബ് അംഗങ്ങൾ |

[illegible] പരിസരപഠനം.

| | | | | | |
|---|---|---|---|---|---|
| എല്ലാ കുട്ടികളെയും ശാസ്ത്ര ബോധമുള്ളവരാക്കുക<br>പരീക്ഷണ നിരീക്ഷണങ്ങൾ, ചർച്ച എന്നിവയിലൂടെ ശാസ്ത്രീയ ബോധ്യപ്പെടുത്തുക.<br>സെൽഫ് ലേൺ പ്രവർത്തനങ്ങളൊരുക്കുക.<br>ഫീൽഡ്ട്രിപ്പ്:- ശാസ്ത്ര പ്രാധാന്യമുള്ള വിജ്ഞാന സമ്പാദനത്തിനും നേരിട്ടുള്ള അനുഭവത്തിലൂടെ അറിവ് നേടുന്നതിനും. | പ്രദർശനങ്ങൾ<br>ക്വിസ്<br>പ്രകൃതി നടത്തം<br>ദിനങ്ങൾ ആഘോഷം<br>അഭിമുഖങ്ങൾ<br>ലഘുപരീക്ഷണങ്ങൾ<br>ഫീൽഡ് ട്രിപ്പുകൾ<br>ശാസ്ത്രമേളയും ശാസ്ത്രോത്സവ ഒരുക്കവും<br>പൂന്തോട്ട നിർമ്മാണം<br>ജൈവ വൈവിധ്യ ഉദ്യാനം<br>ഔഷധത്തോട്ട നിർമ്മാണം<br>ശേഖരണം:- സ്റ്റാമ്പുകൾ, തൂവലുകൾ, ഇലകൾ, പലതരം മണ്ണുകൾ നാണയം<br>ചോദ്യപ്പെട്ടി നിർമ്മാണം.<br>ജൈവകൃഷി, കമ്പോസ്റ്റ് നിർമ്മാണം | ഒരുവർഷം | SRG<br>EVS ക്ലബ്<br>SMC | | |

ഉപമേഖല : കലാകായികപ്രവൃത്തിപരിചയം

| ഇനങ്ങൾ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | ഭൗതികസാഹചര്യം |
|---|---|---|---|---|---|
| | ആരോഗ്യകലാകായിക പ്രവൃത്തിപരിചയമേഖലകളുടെ സമഗ്രവികാസം കുട്ടികളുടെ കായികവും മാനസികവുമായ വളർച്ച ഉറപ്പും കുട്ടികൾക്കും നിരന്തര കായികക്ഷമത ഉറപ്പാക്കൽ<br><br>ആരോഗ്യശീലങ്ങൾ വളർത്തുക. | എല്ലാദിവസവും ഓടാനും ചാടാനും കളിക്കാനും അവസരം ഒരുക്കൽ<br>വിവിധ വ്യായാമമുറകൾ പരിശീലനം<br>ആഴ്ചയിലൊരിക്കൽ യോഗ, കരാട്ടെ പരിശീലനങ്ങൾ.<br>ശില്പശാലകൾ<br>ലളിതകലകളുടെ പരിശീലനം<br>കലോത്സവങ്ങളിൽ പങ്കാളിത്തം<br>പഠനവിനോദ പ്രവർത്തനങ്ങൾ<br>* വോളിബോൾ, ഫുട്ബോൾ പരിശീലനം<br>* എയറോബിക്സ് പരിശീലനം<br>* നാടൻ നാടൻ കളികളുടെ പരിശീലനം. | ഒരുവർഷം | അദ്ധ്യാപകർ<br>SMC<br>SRG | സ്പോർട്സ് ഉപകരണങ്ങൾ,<br>കോർട്ട് നിർമ്മാണം |

| | | | |
|---|---|---|---|
| നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | എല്ലാ കുട്ടികൾക്കും അവസരം കിട്ടുന്ന രീതിയിൽ വിവിധ പ്രവൃത്തി പരിചയ ഇനങ്ങളിൽ പരിശീലനം നൽകുന്നു. | | |
| പാഴ്‌വസ്തുക്കളുടെ പുനരുപയോഗസാധ്യത ബോധ്യപ്പെടുത്തൽ | * പാവ നിർമ്മാണം<br>* പ്ലാസ്റ്റിക് മാലിന്യങ്ങളിൽ നിന്നും പഠനോപകരണ നിർമ്മാണം.<br>* തുണിയിൽ ചിത്രത്തുന്നൽ<br>* വർണ്ണക്കടലാസുകൊണ്ടുള്ള ഉല്പന്നങ്ങൾ<br>* ഫാബ്രിക് പെയ്ന്റിംഗ്<br>* പേപ്പർ ബാഗ് നിർമ്മാണം. | | |

ഉപമേഖല : ഐ.ടി.

| ഇനങ്ങൾ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ഭൗതിക സാഹചര്യം |
| --- | --- | --- | --- | --- | --- |
| | കുട്ടികൾക്ക് ICT കൈകാര്യം ചെയ്യാനുള്ള പരിശീലനവും അവസരവും | * കമ്പ്യൂട്ടർ ഉപയോഗിക്കുന്ന രീതി, ഉബുണ്ടുവിലെ ഷി കോഡിങ് പാഠഭാഗങ്ങൾ<br>* ഇംഗ്ലീഷ്, മലയാളം ടൈപ്പിംഗ്<br>* ഫയൽ ഫോൾഡർ തയ്യാറാക്കൽ<br>* ഇന്റർനെറ്റ് ഉപയോഗിച്ച് വിവരങ്ങൾ കണ്ടെത്തുന്നതിന്<br>* പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രസന്റേഷനുകൾ പരിചയപ്പെടൽ<br>* ചിത്രങ്ങൾ, ഓഡിയോ, വീഡിയോ എന്നിവ ഉപയോഗിക്കാനുള്ള ശീലം | 1 വർഷം | ക്ലാസധ്യാപക | കമ്പ്യൂട്ടർ ലാപ്ടോപ് ടാബ്ലറ്റ് |

| ഇനങ്ങൾ | ലക്ഷ്യം | പ്രവർത്തനം | മൂല്യനിർണ്ണയം | | | |
|---|---|---|---|---|---|---|
| | | | കാലയളവ് | ചുമതല | ഭൗതിക | സാമഗ്രികൾ |
| | എല്ലാ കുട്ടികൾക്കും ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പുവരുത്തുക | * നിരന്തര മൂല്യനിർണ്ണയം<br>* CPTA<br>* ടേം മൂല്യനിർണ്ണയം<br>* പരിഹാര ബോധന പാക്കേജ്<br>* പോർട്ട് ഫോളിയോ<br>* വർക്ക് ഷീറ്റുകൾ<br>* പട്ടികകൾ തയ്യാറാക്കൽ<br>* സവിശേഷ പരിശീലനം | അദ്ധ്യാപകർ | SRG കൺവീനർ | | |

## ഉപസംഹാരം

വിദ്യാഭ്യാസമേഖലയിൽ ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനുള്ള ഒരു കാഴ്ചപ്പാട് അവതരിപ്പിക്കുന്നു. ഈ അക്കാദമിക മാസ്റ്റർപ്ലാൻ വഴി നമ്മുടെ വിദ്യാലയ പദ്ധതിയുടെ നടപ്പാക്കൽ സ്ഥാപനത്തെ കൂടുതൽ മികവുറ്റതും വിദ്യാർത്ഥികൾക്ക് അനുകൂലവുമായ ഒരു പഠനാന്തരീക്ഷമാക്കി മാറ്റാൻ കഴിയും. ഒരു വിദ്യാലയത്തിന്റെ വിദ്യാഭ്യാസ ദിശ നിർണ്ണയത്തെ ശാസ്ത്രീയമായി നിയന്ത്രണം ചെയ്യുന്ന രേഖയാണിത്. ഇത് വിദ്യാർത്ഥികളുടെ സാമൂഹ്യ സാംസ്കാരിക വളർച്ചയും അധ്യാപന നിലവാരത്തിന്റെ ഉയർച്ചയും രക്ഷിതാക്കളുടെ പങ്കാളിത്തത്തിന്റെ സാങ്കേതികത്വവും പാഠ്യപദ്ധതികളുടെ നടപ്പാക്കലിന്റെ സഹായകരമാകും.